(സി) തോട്ടം അടച്ചുപൂട്ടിയതിന്റെ ഫലമായി തൊഴിലില്ലാതായതിന്റെ പേരിലും, പട്ടിണിയിലും ദാരിദ്ര്യവും മൂലം എത്ര തോട്ടം തൊഴിലാളികൾ മരണ മടഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 3182 പേർ.

(ബി) ഒരാൾ ആത്മഹത്യ ചെയ്തു.

(സി) തോട്ടം അടച്ചുപൂട്ടിയതിന്റെ ഫലമായി തൊഴിൽ ഇല്ലാതായതിന്റെ പേരിലും, പട്ടിണിയും ദാരിദ്ര്യവും മൂലവും തോട്ടം തൊഴിലാളികൾ ആരും മരണമടഞ്ഞിട്ടില്ല.

പോലീസുകാരുടെ ആത്മഹത്യ സംബന്ധിച്ച അന്വേഷണം

104 [106] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതേക്കുറിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ആത്മഹത്യ ചെയ്യാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) കടക്കെണിയിൽപ്പെട്ട് പോലീസുകാരുടെ കുടുംബങ്ങൾ ആത്മഹത്യ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 54 പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ തലത്തിൽ പൊതുവായ ഒരന്വേഷണം നടത്തിയിട്ടില്ല. ടി സംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന കേസുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) മനോവിഷമം, കുടുംബപ്രശ്നങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ട്, മാറാരോഗങ്ങൾ, ക്രിമിനൽ കേസിൽ പ്രതിയായതിലുള്ള മനോവിഷമം മുതലായ കാരണങ്ങളാലാണ് പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

104-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly